# III. സബ്മിഷൻ

1. ഗ്രാമപഞ്ചായത്തുകളുടെ അടിയന്തര പ്രവൃത്തികൾക്കുള്ള തുക വർദ്ധനവ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നിരന്തരമായ പ്രകൃതിക്ഷോഭങ്ങളും കൃത്യമായ സമയങ്ങളിൽ അറ്റകുറ്റപ്പണി നടക്കാത്തതും മഹാമാരിയുമെല്ലാം ബാധിക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തരമായി പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യേണ്ട സാഹചര്യം വന്നിരിക്കുകയാണ്. ഇക്കാര്യത്തിൽ ജനങ്ങളുടെ ആദ്യ ആശ്രയം ഗ്രാമപഞ്ചായത്തുകളാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് ടെണ്ടറില്ലാതെ അടിയന്തരമായി ചെയ്യാനുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് പതിനായിരം രൂപ മാത്രമാണ് നിലവിൽ വിനിയോഗിക്കാൻ അധികാരമുള്ളത്. ഈ തുക വളരെ കുറവാണ്. അധികാര വികേന്ദ്രീകരണവും സമ്പത്തുമെല്ലാം താഴെത്തട്ടിലേയ്ക്ക് കൊടുക്കുക എന്ന് പ്രതിജ്ഞാബദ്ധമായ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ പതിനായിരം രൂപ എന്നത് അൻപതിനായിരം രൂപയെങ്കിലും ടെണ്ടറില്ലാതെ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നതാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മി. സ്പീക്കർ: ഇന്ന് സഭാസമ്മേളനത്തിന്റെ അവസാന ദിവസമാണ്.

ബഹുമാനപ്പെട്ട അംഗങ്ങൾ സബ്മിഷനുകളെല്ലാം മേശപ്പുറത്ത് വച്ചതായി കണക്കാക്കി ബഹുമാനപ്പെട്ട മന്ത്രിമാർ അതിന്റെ മറുപടിയും മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.+

+ അനുബന്ധമായി ചേർത്തിരിക്കുന്നു.